HON'BLE MR. K. M. KORAH : (എ) മൂന്ന് ഇൻസ്പെക്ടറന്മാരും ഇരുപത്തു സബ് ഇൻസ്പെക്ടറന്മാരും.

(ബി) ഇൻസ്പെക്ടറന്മാരിൽ രണ്ടുപേർ കായലുകളുടെയും ഒന്ന്, തോട് മുതലായ പുറമ്പോക്ക ജലാശയങ്ങളുടെയും ചാർജ്ജുകൂടി വഹിക്കുന്നുണ്ട്. മൂന്ന് ഫിഷറി സബ് ഇൻസ്പെക്ടറന്മാർ കായലുകളുടെ ചാർജ്ജു മാത്രം വഹിക്കുന്നവരും ആക്കി പതിനേഴുപേരും ഒരു ഇൻസ്പെക്ടരും മൽസ്യവ്യവസായികളുടെയിടയിൽ സാമൂഹ്യസാമ്പത്തികവ്യവസ്ഥിതി വരുത്തുന്നതിലും മൽസ്യപരിപാകം സംബന്ധിച്ചുള്ള നവീനമാർഗ്ഗകകളെപ്പറ്റി ഉപദേശം കൊടുക്കുന്നതിലും ഏർപ്പെട്ടിരിക്കുന്നു.

MR. WILSON PETER : ഗവണ്മെൻറിന്റെ ഉടമസ്ഥതയിലുള്ള ചില പുറമ്പോക്ക ജലാശയങ്ങളും ഇപ്പോൾ വ്യക്തികളുടെ കയ്യിൽ ഇരിക്കുന്നുണ്ടെന്നുള്ള വിവരം അറിയാമോ?

HON'BLE MR. K. M. KORAH : ഉണ്ട്. അതിനു വേണ്ട നടപടി നടത്തുന്നുണ്ട്.

ചെമ്മീൻ കയറുമതി.

322. MR. K. K. CHELLAPPAN PILLAI (*Mavelikara II—General*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കയറുമതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

വിദേശങ്ങളിലേക്കു ചെമ്മീനു കയറ്റി അയയ്ക്കുന്നതിനു ചെറുതരം വ്യവസായികൾക്കു നേരിട്ടിട്ടുള്ള വിഷമതകളെക്കുറിച്ചു അവർ നിവേദനം നടത്തിയിട്ടുള്ളതിന് എന്തു പരിഹാരം ചെയ്തിട്ടുണ്ട്?

HON'BLE MR. K. M. KORAH : റിസ്ട്രിക്ഷൻ എടുത്തുകഴിഞ്ഞിരിക്കുന്നു.

MR. K. K. CHELLAPPAN PILLAI : എന്നാണ് മാറിയത്?

HON'BLE MR. K. M. KORAH : നൂ-ഒ-ഫൻ ർവ്വ-ൽ.

MR. K. K. CHELLAPPAN PILLAI : അളുകാരണം ജനങ്ങൾക്കു വളരെ വൈഷമ്യം അനുഭവിക്കുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറ്റ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

HON'BLE MR. K. M. KORAH : ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കക്കുനിയന്ത്രണം.

323. MR. MOHAMMED MUSTAFA (*Pathanapuram—Muslim*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കക്കുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

[Mr. Mohammed Mustafa]

(എ) ഒരു പരീക്ഷണമെന്നവണ്ണം ഏതാനും താലൂക്കുകളിൽ ക്ഷ്യനിയന്ത്രണം ഉടനെ നിർത്തലാക്കുവാൻ ഒരു പദ്ധതി ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ പദ്ധതിയുടെ പൂർണ്ണരൂപം വെളിപ്പെടുത്തുമോ?

HON'BLE MR K. M KORAH : സംസ്ഥാനത്ത് നെല്ലുവിളവുള്ള ഏതാനും താലൂക്കുകളിൽ ക്ഷ്യധാന്യനിയന്ത്രണം നിറുത്തലാക്കുന്ന കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണ്.

MR. MOHAMMED MUSTAFA : പ്രധാനമന്ത്രി അവർകളുടെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തു കൂടുതൽ നെല്ല് വിളവുള്ള താലൂക്കുകളോട് ചേർത്ത് നെല്ല് കൂടുതൽ വിളവില്ലാത്ത ചില താലൂക്കുകളെക്കുടി ഉൾപ്പെടുത്തി പറഞ്ഞതായി അറിയാമോ?

HON'BLE MR. K. M. KORAH : അങ്ങനെ ഉൾപ്പെടുത്തി പറഞ്ഞതായി അറിവില്ല. അതിനെ സംബന്ധിച്ചു ആലോചിക്കുന്നുവെന്നാണ് പറഞ്ഞത്.

MR. K. A. MOHAMMED : ഇതിനെ സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറിൽനിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

HON'BLE MR. K. M. KORAH : അങ്ങനെ നിർദ്ദേശങ്ങൾ ഒന്നും വേണമെന്നില്ല. എങ്കിലും ഇതിനെ സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറുമായി ആലോചിക്കണമെന്നു വിചാരിക്കുന്നു.

MR. T. A. ABDULLA (*Ambalapuzha I—Muslim*) : ഇതിനെ സംബന്ധിച്ച് ഒരു ഫുഡ് ഡിബേറ്റ് വയ്ക്കുന്നതു നന്നായിരിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

HON'BLE MR. K. M. KORAH : നന്നായിരിക്കാം.

MR. T. A. ABDULLA : മറ്റു പല പ്രാവിൻസുകളിലും ഫുഡ് ഡിബേറ്റ് വച്ചിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. M. KORAH : ഉണ്ടായിരിക്കാം.

MR. MOHAMMED MUSTAFA : ഡീകൺട്രോൾ ഏർപ്പെടുത്തുന്നതുകൊണ്ടു ചെറിയ വരവുള്ള ആളുകൾക്ക് അന്തസ്സുള്ള ക്ലാർക്കന്മാർ മുതലായവർക്ക് പല വൈഷമ്യങ്ങളും ഉണ്ടാകുമെന്നറിയാമോ?

HON'BLE MR. K. M. KORAH : ചിലർക്ക് അങ്ങനെ വന്നേക്കാം.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI (*Chirayinkil I—General*) : ഇൻഡ്യാ ഗവണ്മെൻറിന്റെ അനുവാദം കൂടാതെ കൺട്രാക്ട് എടുക്കുന്നതിന് ഈ ഗവണ്മെൻറിന് അധികാരമുണ്ടോ?

HON'BLE MR. K. M. KORAH : പൂർണ്ണസ്വാതന്ത്ര്യമുണ്ട്. പക്ഷെ അവരോട് ആലോചിക്കുന്നതായിരിക്കും ഉത്തമം.

MR. E. P. POULOSE (*Muvattupuzha III—General*) : സാധ്യമായിവരുന്നപക്ഷം നമുക്ക് അവരുടെ നിർദ്ദേശങ്ങളിൽ വേണ്ട ഭേദഗതി ചെയ്യുന്നതിനു അധികാരമുണ്ടോ?

HON'BLE MR. K. M. KORAH : അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

MR. PRESIDENT : ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചിരിക്കുന്നു. ഇനി ഫൈനാൻഷ്യൽ ബിസിനസ് ആണ്.

FINANCIAL BUSINESS.

DEMAND NO. VIII—GENERAL ADMINISTRATION (Contd.)

MR. C. NARAYANA PILLAI (*Mavelikara I—General*) : സർ, സെൻ വാൻടിസ് എന്ന സ്പാനിഷ് ഗ്രന്ഥകർത്താവ് ഡാൺക്വിക്സോട്ട് എന്നൊരു പ്രസിദ്ധഗ്രന്ഥം എഴുതിയിട്ടുണ്ട്. ഇന്നലെ ഇവിടെ നടന്ന പ്രതിപക്ഷകക്ഷിനേതാക്കന്മാരുടെ മന്ത്രിസഭയെപ്പറ്റിയുള്ള വിമർശനങ്ങൾ കേട്ടുകൊണ്ടിരുന്നപ്പോൾ ആ മനോഹരമായ ഗ്രന്ഥത്തിലെ ചില വിനോദരംഗങ്ങളാണ് എന്റെ സ്മരണയിൽ വന്നത്. ജനകീയമന്ത്രിസഭയെപ്പറ്റി അവർ അടിസ്ഥാനരഹിതങ്ങളായ ചില ആരോപണങ്ങൾ മനഃപൂർവ്വമായി സൃഷ്ടിച്ച് അതിനോട് സമരംചെയ്യുന്ന ഒരു സ്ഥിതിയിലാണ് ഞാൻ അവരെ കണ്ടത്. അവർ ഭാവനയിൽ ഒരു ശത്രുവിനെ സൃഷ്ടിച്ച സമരം ചെയ്യുകയായിരുന്നു; അവർ കാറ്റാടിയന്ത്രത്തോട് പടവെട്ടുകയായിരുന്നു. അത് അവരുടെ വിഭ്രമമായിരുന്നുകൊള്ളട്ടെ. ആ ശിശുക്കളുടെ കളിപ്പാട്ടം പിടിച്ചുവാങ്ങി അവരെ കരയിക്കണമെന്നു എനിക്കുദ്ദേശമില്ല. അവരുടെ പ്രസംഗങ്ങളിൽ ഉന്നയിച്ച മിക്ക ആരോപണങ്ങൾക്കും ഒന്നൊന്നായി ഇവിടെ മറുപടികൾ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അവരുടെ വാദമുഖങ്ങൾ ഒന്നും തന്നെ ഇനി അവശേഷിക്കുന്നില്ല.

സർ, ഈ ഉദ്യോഗസ്ഥന്മാരുടെയിടയിൽ നടക്കുന്ന അഴിമതികളെയും അക്രമങ്ങളെയുംപറ്റി ഇവിടെ വ്യക്തിപരമായ വിമർശനങ്ങൾ നടന്നു. ഇതിനു മുമ്പായിരുന്നെങ്കിൽ—ഈ സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly